# PLUS ONE HISTORY

# FOCUS AREA

## (Malayalam Version)

Thankamany P, HSST History, GHSS Thayannur, Kasaragod

# THEME 1

# കാലാരംഭം മുതൽ

## I. ആധുനിക മനുഷ്യന്റെ മുൻഗാമികൾ

### 1. പ്രിമേറ്റുകൾ

- സസ്തനികളുടെ ഒരു ഉപവിഭാഗമാണ്.
- പ്രിമേറ്റുകൾ ആവിർഭവിച്ചത് ഏഷ്യയിലും ആഫ്രിക്കയിലുമാണ്.
- മനുഷ്യർ, ആൾകുരങ്ങുകൾ, കുരങ്ങന്മാർ എന്നിവർ ഇതിൽ ഉൾപ്പെടുന്നു.

**ഇതിന്റെ സവിശേഷതകൾ,**

- രോമാവൃതമായ ശരീരം
- നീണ്ട ഗർഭധാരണ കാലം
- സ്തനഗ്രന്ഥികൾ
- വിവിധ തരത്തിലുള്ള പല്ലുകൾ
- സ്ഥിരമായി ശരീരോഷ്മാവ് നിലനിർത്താനുള്ള കഴിവ്

### 2. ഹൊമിനോയിഡുകൾ

- പ്രിമേറ്റുകളുടെ ഉപവിഭാഗം
- 24 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്നു
- ഏഷ്യയിലും ആഫ്രിക്കയിലും ഉൽഭവം.
- വലിയ ശരീരം
- വാലില്ല
- ചെറിയ മസ്തിഷ്കം
- നാലുകാലിലുള്ള നടത്തം
- നിവർന്നു നിൽക്കുന്നതിനുള്ള കഴിവില്ല.
- കൈകൾക്കു വൈദഗ്ധ്യം ഇല്ല

### 3 . ഹൊമിനിഡുകൾ

- ഹൊമിനോയിഡുകളിൽ നിന്നും ഉണ്ടായി.
- 6.4 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ജീവിച്ചു.
- ആഫ്രിക്കയിലാണ് ഉൽഭവം
- ഇവർ "**ഹോമിനിഡെ**" എന്ന കുടുംബത്തിൽ പെടുന്നു.
- വലിയ മസ്തിഷ്കം
- ഇരുകാലുകളിലുള്ള നടത്തം

- നിവർന്നു നിൽക്കുന്നതിനുള്ള കഴിവ്
- കൈകളുടെ വൈദഗ്ധ്യം

## ഹൊമിനോയിഡുകളും ഹോമിനിഡുകളും തമ്മിലുള്ള വ്യത്യാസങ്ങൾ

| ഹൊമിനോയിഡുകൾ | ഹൊമിനിഡുകൾ |
|---|---|
| **പ്രിമേറ്റുകളുടെ ഉപവിഭാഗം** | **ഹൊമിനോയിഡുകളുടെ ഉപവിഭാഗം** |
| **ചെറിയ മസ്തിഷ്കം** | **വലിയ മസ്തിഷ്കം** |
| **വലിയ പല്ലുകൾ** | **ചെറിയ പല്ലുകൾ** |
| **നാൽക്കാലികൾ** | **ഇരുകാലികൾ** |
| **നിവർന്നു നില്ക്കാൻ കഴിയില്ല** | **നിവർന്നു നില്ക്കാൻ കഴിയും** |
| **കൈകൾക്കു വൈദഗ്ധ്യം ഇല്ല** | **കൈകൾക്കു വൈദഗ്ധ്യം ഉണ്ട്** |

ഹൊമിനിഡുകളെ 2 ശാഖകളായി വിഭജിച്ചിട്ടുണ്ട്

1. **ആസ്ട്രലോപിത്തേക്കസ്**
2. **ഹോമോ**

## ആസ്ട്രലോപിത്തേക്കസ്

- "**ദക്ഷിണദേശം**" എന്നർത്ഥം വരുന്ന "**ആസ്ട്രൽ**" എന്ന ലാറ്റിൻ പദത്തിൽ നിന്നും "**ആൾക്കുരങ്ങ്**" എന്നർത്ഥമുള്ള "**പിത്തേക്കസ്**" എന്ന ഗ്രീക്കുപദത്തിൽ നിന്നുമാണ് "**ആസ്ട്രലോപിത്തേക്കസ്**" എന്നപേരുണ്ടായത്.
- "**ദക്ഷിണദേശത്തെ ആൾക്കുരങ്ങ്**" എന്നാണ് ഇതിന്റെ അർത്ഥം
- 5.6 ദശലക്ഷം വർഷങ്ങൾക്കു മുമ്പാണ് ഉണ്ടായത്
- ഇവയുടെ ഫോസിലുകൾ ആഫ്രിക്കയിലെ ഓൾഡുവായ ജോർജിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.
- ഇവരാണ് **ആദ്യത്തെ ശിലായുധ നിർമാതാക്കൾ**

## ഹോമോ

- "**ഹോമോ**" എന്ന ലാറ്റിൻ പദത്തിന്റെ അർത്ഥം "**മനുഷ്യൻ**" എന്നാണ്.
- 2.5 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ജീവിച്ചു
- വലിയ മസ്തിഷ്കം
- ചെറിയ പല്ലുകൾ
- കുറച്ച് ഉന്തിയ താടിയെല്ല്

## ആസ്ട്രലോപിത്തേക്കസും ഹോമോയും തമ്മിലുള്ള വ്യത്യാസങ്ങൾ

| ആസ്ട്രലോപിത്തേക്കസ് | ഹോമോ |
|---|---|
| ദക്ഷിണദേശത്തെ വാനരൻ | മനുഷ്യൻ |
| ചെറിയ മസ്തിഷ്കം | വലിയ മസ്തിഷ്കം |
| കൂടുതൽ ഉന്തിയ താടിയെല്ല് | കുറച്ച് ഉന്തിയ താടിയെല്ല് |
| വലിയ പല്ലുകൾ | ചെറിയ പല്ലുകൾ |
| വനവാസികൾ | പുൽമേടുകളിൽ താമസിച്ച |

## ഹോമോയുടെ ഉപവിഭാഗങ്ങൾ

1. ഹോമോ ഹാബിലിസ്
2 .ഹോമോ ഇറക്ടസ്
3. ഹോമോ സാപിയൻസ്

### 1. ഹോമോ ഹാബിലിസ്

- 2.2 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ജീവിച്ചു
- എത്യോപിയയിലെ ഓമോ, ടാൻസാനിയയിലെ ഓൾഡുവായ് ജോർജ് എന്നിവിടങ്ങളിൽ നിന്നും ഫോസിലുകൾ കണ്ടെത്തിയിട്ടുണ്ട്.
- ഹോമോ ഹാബിലിസ് "**വിദഗ്ധ മനുഷ്യർ**" ("ആയുധനിർമ്മാതാക്കൾ"/Tool maker) എന്നറിയപ്പെടുന്നു.

### 2. ഹോമോ ഇറക്ടസ്

- 1.8 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ജീവിച്ചു.
- ഏഷ്യ, ആഫ്രിക്ക എന്നീ വൻകരകളിലെ കൂബിഫോറ, ടർകാന, കൊറിയ, മോഡ്ജോകെർത്തോ, ജാവ, സന്ഗിരൻ എന്നിവിടങ്ങളിൽ നിന്നും ഫോസിലുകൾ കണ്ടെത്തിയിട്ടുണ്ട്
- ഹോമോ ഇറക്ടസ് "**നിവർന്ന മനുഷ്യൻ**"(Upright Man) എന്നറിയപ്പെടുന്നു

### 3. ഹോമോ സാപിയൻസ്

- 8 ലക്ഷം വർഷങ്ങൾക്കു മുൻപ് ജീവിച്ചു
- **ബുദ്ധിമാനായ മനുഷ്യൻ** (Wise or Thinking Man) എന്നറിയപ്പെടുന്നു.
- ജർമ്മനിയിലെ നിയാണ്ടെർതാഴ്‌വരയിൽ നിന്നും കണ്ടെത്തിയ ഹോമോ സാപിയൻസിന്റെ ഫോസിലുകൾ **ഹോമോ നിയാണ്ടെർത്താലെൻസിസ്** എന്നും ഹെയ്ഡൻബെർഗിൽ നിന്നും കണ്ടെത്തിയ ഫോസിലുകൾ **ഹോമോ ഹെയ്ഡൽബെർഗെൻസിസ്** എന്നും അറിയപ്പെടുന്നു.

**ഹോമോ സാപിയൻസ് സാപിയൻസ് ആണ് ആധുനിക മനുഷ്യൻ**

## ആധുനിക മനുഷ്യൻ

ആധുനിക മനുഷ്യന്റെ ഉൽഭവത്തെപ്പറ്റി 2 സിദ്ധാന്തങ്ങൾ നിലവിലുണ്ട്.

**1 . പ്രാദേശിക തുടർച്ചാ മാതൃക**

**2 . ഏകോല്പത്തി മാതൃക**

### 1 . പ്രാദേശിക തുടർച്ചാ മാതൃക

- ആധുനിക മനുഷ്യൻ ഉൽഭവിച്ചത് പല പ്രദേശങ്ങളിലാണെന്ന് ഈ മാതൃക പറയുന്നു.
- കാരണം ഇവരുടെ രൂപത്തിലും ശാരീരിക സവിശേഷതകളിലുമുള്ള വ്യത്യാസം
- ഫോസ്സിലുകളുടെ പ്രാദേശിക വ്യത്യാസം
- ഹോമോ നിയാണ്ടെർത്താലെൻസിസ്, ഹോമോ ഹെയ്ഡൽബെർഗെൻസിസും തമ്മിലുള്ള വ്യത്യാസം.
- എത്യോപ്യ , ഫ്രാൻസ്, മൊറോക്കോ എന്നിവിടങ്ങളിൽ നിന്നും ലഭിച്ച ഫോസിലുകൾ തമ്മിലുള്ള വ്യത്യാസം .

### 2 . ഏകോല്പത്തി മാതൃക

- ആധുനിക മനുഷ്യൻ ഉൽഭവിച്ചത് ഒരു പ്രദേശത്ത് ആണെന്നും ആ പ്രദേശം **ആഫ്രിക്ക** ആണെന്നും ഈ സിദ്ധാന്തത്തിന്റെ വക്താക്കൾ പറയുന്നു.
- കാരണം ആധുനിക മനുഷ്യന്റെ ജനിതകവും ശരീരശാസ്ത്രപരവുമായ സാമ്യം.
- എത്യോപ്യയിലെ ഓമോയിൽ നിന്നും ലഭിച്ചിട്ടുള്ള ഫോസിലികൾ ഈ സിദ്ധാന്തത്തെ പിന്താങ്ങുന്നു

## ആദിമ മനുഷ്യൻ ഭക്ഷണം നേടുന്നതിനുള്ള മാർഗ്ഗങ്ങൾ

- ആദിമ മനുഷ്യൻ ഭക്ഷണം നേടിയിരുന്നത് ശേഖരിച്ചും ചത്ത മൃഗങ്ങളുടെ മാംസം എടുത്തും നായാടിയും മീൻ പിടിച്ചുമായിരുന്നു.
- സസ്യോത്പന്നങ്ങളായ വിത്തുകൾ, അണ്ടിപ്പരിപ്പുകൾ, കായ് കനികൾ , കിഴങ്ങുകൾ എന്നിവയാണ് അവർ ശേഖരിച്ചിരുന്നത്.
- എലി, അണ്ണാൻ, പക്ഷികൾ, പ്രാണികൾ എന്നിവയെയും ആദിമ മനുഷ്യൻ ഭക്ഷണമാക്കിയിരുന്നു.
- മനുഷ്യൻ നായാട്ട് ആരംഭിച്ചത് ഏതാണ്ട് 5 ലക്ഷം വർഷങ്ങൾക്കു മുമ്പാണെന്നു കരുതുന്നു.
- മൃഗങ്ങളെ വേട്ടയാടിയതിന്റെ തെളിവുകൾ നമുക്ക് ലഭിക്കുന്നത് **ഇംഗ്ലണ്ടിലെ ബോക്സ്ഗ്രൊവിൽ നിന്നും ജർമ്മനിയിലെ ഷോനിൻജനിൽ നിന്നുമാണ്.**
- സ്ത്രീകളും പുരുഷന്മാരും ഭക്ഷണം നേടിയിരുന്നു എന്നതിന് വ്യക്തമായ തെളിവില്ല.

- എന്നിരുന്നാലും പുരുഷന്മാർ നായാട്ടിലും സ്ത്രീകൾ ഭക്ഷ്യ ശേഖരണത്തിലുമാണ് ഏർപ്പെട്ടിരുന്നതെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

## ആദിമ മനുഷ്യന്റെ വാസ സ്ഥലങ്ങൾ

- ആദിമ മനുഷ്യൻ ഉപയോഗിച്ചിരുന്ന നിർമ്മിത വസ്തുക്കൾ കാണപ്പെടുന്ന സ്ഥലങ്ങൾ പരിശോധിച്ചാണ് അവരുടെ വാസസ്ഥലങ്ങളെപ്പറ്റി നാം മനസിലാക്കുന്നത്.
- ആദിമ ഹോമിനിഡുകളായ ഹോമോ ഹാബിലിസിനെ പോലെയുള്ളവർ ഭൂരിഭാഗം സമയവും മരങ്ങളിലാണ് ചെലവഴിച്ചിരുന്നത്.
- പിന്നീട് മനുഷ്യർ ഗുഹകളും തുറസ്സായ സ്ഥലങ്ങളും വാസ സ്ഥലമായി ഉപയോഗിക്കാൻ തുടങ്ങി.
-യൂറോപ്യൻ സൈറ്റുകളിൽനിന്നും ഇതിനുള്ള തെളിവുകൾ ലഭിച്ചിട്ടുണ്ട്.
- **ഫ്രാൻസിലെ ലസാരറ്റ് , ടെറാ അമറ്റ** എന്നീ ഗുഹകളിൽ നിന്നും ആദിമ മനുഷ്യൻ ജീവിച്ചിരുന്നതിന്റെ തെളിവുകൾ ലഭിച്ചിട്ടുണ്ട്.
- ആഫ്രിക്കയിലെ ചില സൈറ്റുകളിൽ നിന്നും കത്തിക്കരിഞ്ഞ എല്ലുകളും കളിമൺ കഷ്ണങ്ങളും കണ്ടെത്തിയിട്ടുണ്ട്.
- ഇത് തീയുടെ ഉപയോഗത്തെ സൂചിപ്പിക്കുന്നു.
- **തീയുടെ പ്രയോജനങ്ങൾ താഴെ പറയുന്നവയാണ്.**
    - ഗുഹകളിൽ ചൂടും വെളിച്ചവും നൽകുന്നു.
    - പാചകത്തിന്
    - തടിയുടെ കാഠിന്യം കൂട്ടാൻ
    - ശിലകളിൽ നിന്ന് ഉപകരണങ്ങൾ ഉണ്ടാക്കാൻ.
    - വന്യമൃഗങ്ങളെ പേടിപ്പിച്ച് ഓടിക്കാൻ

^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^

# THEME 2

## എഴുത്തും നഗരജീവിതവും (മെസോപ്പൊട്ടേമിയൻ സംസ്കാരം)

- **യൂഫ്രട്ടിസ്, ടൈഗ്രിസ്** നദികൾക്കിടയിലുള്ള പ്രദേശമാണ് മെസൊപ്പൊട്ടേമിയ.
- ഇത് ഇന്ന് **ഇറാക്കി**ന്റെ ഭാഗമാണ് .
- നഗരജീവിതം ആരംഭിച്ചത് മെസൊപ്പൊട്ടേമിയയിലാണ്.
- മെസൊപ്പൊട്ടേമിയയിലെ നഗരവൽകൃതമായ ദക്ഷിണ ഭാഗം സുമർ, അക്കാഡ് എന്നിങ്ങനെ അറിയപ്പെടുന്നു.
- പഴയ ഉത്പത്തിയൽ "**സുമർ**" എന്ന പ്രദേശം "**ഷിമാർ**" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
- ക്രമേണ ഇവിടെ ബാബിലോണിയൻ നഗരം ഉയർന്നു വന്നു.
- മെസോപ്പൊട്ടാമിയയുടെ വടക്കേ ഭാഗത്ത് അസ്സീറിയന്മാർ അവരുടെ സാമ്രാജ്യം സ്ഥാപിച്ചു.
- ഈപ്രദേശം അസ്സീറിയ എന്നറിയപ്പെടുന്നു.
- മെസോപ്പൊട്ടാമിയയിലെ ആദ്യ ഭാഷ **സുമേറിയൻ ഭാഷ** ആയിരുന്നു.

## മെസോപൊട്ടാമിയൻ ഭൂമിശാസ്ത്രം

- മെസൊപ്പൊട്ടേമിയ എന്ന പദം ഉണ്ടായത് "**മെസോസ്**" , "**പൊട്ടാമോസ്**"എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ്.
- "**മെസോസ്**" എന്നാൽ "മ**ധ്യത്തിലുള്ളത്**"എന്നും "**പൊട്ടാമോസ്**"എന്നാൽ "**നദി**" എന്നുമാണ് അർത്ഥം.
- അതായത് **ടൈഗ്രിസ് യൂഫ്രട്ടീസ് നദികൾക്കിടയിലുള്ള പ്രദേശമാണ്** മെസോപ്പൊട്ടാമിയ.

### 1. വടക്ക്

- മെസോപ്പൊട്ടേമിയയുടെ വടക്കേ ഭാഗത്ത് പുൽമേടുകളാണ്.
- ഈ പ്രദേശം കാലിവളർത്തലിന് അനുയോജ്യമാണ്.

### 2. വടക്കേ കിഴക്ക്

- മെസൊപ്പൊട്ടേമിയയുടെ വടക്കേ കിഴക്കേ ഭാഗത്തു സമതലങ്ങളും മരങ്ങളും അരുവികളും കാട്ടുപൂക്കളും നിറഞ്ഞ മലനിരകൾ കിടക്കുന്നു.
- കൃഷിയാണ് ഇവിടുത്തെ പ്രധാന തൊഴിൽ.
- വിളകൾക്ക് ആവശ്യമായ ധാരാളം മഴ ഇവിടെ ലഭിക്കുന്നു.
- BCE 7000 നും 6000 നും ഇടയിലാണ് കൃഷി വികാസം പ്രാപിച്ചത്

## 3. കിഴക്ക്

- മെസൊപ്പൊട്ടേമിയയുടെ കിഴക്കു ഭാഗത്ത് ടൈഗ്രിസ് നദിയും അതിന്റെ പോഷക നദികളുമാണ്
- ഇത് ഇറാനിലെ മലനിരകളിലേക്കു വിനിമയമാർഗ്ഗം പ്രദാനം ചെയ്യുന്നു.

## 4. തെക്ക്

- മെസൊപ്പൊട്ടേമിയയുടെ തെക്കു ഭാഗത്ത് മരുഭൂമിയാണ്.
- ഇവിടെയാണ് ആദ്യനഗരങ്ങളും എഴുത്തു വിദ്യയും ആരംഭിച്ചത്.
- യൂഫ്രട്ടീസ് , ടൈഗ്രിസ് നദികൾ നിക്ഷേപിക്കുന്ന എക്കൽ മണ്ണ് ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്നു.
- അതിനാൽ നഗരങ്ങളെ പരിപാലിക്കാനും കാർഷിക വൃത്തിയിലേർപ്പെടാനും അവരെ സഹായിച്ചു.

## എഴുത്തുവിദ്യയുടെ വികാസം

- BCE 3200 ഓടെയാണ് മെസൊപ്പൊട്ടേമിയയിൽ എഴുത്തുവിദ്യ ആരംഭിച്ചത്.
- ചിത്രങ്ങൾ പോലെയുള്ള ചിഹ്നങ്ങളും അക്കങ്ങളുമാണ് അവർ എഴുതാൻ ഉപയോഗിച്ചത്.
- എഴുതാൻ വേണ്ടി മെസൊപ്പൊട്ടേമിയക്കാർ ഉപയോഗിച്ച ലിപി **ക്യൂണീഫോം** ആയിരുന്നു
- "**ആപ്പ്**"എന്നർത്ഥമുള്ള "**ക്യൂണിയസ്(ക്യൂനസ്")**, "**ആകൃതി**"എന്നർത്ഥമുള്ള "**ഫോർമ**"എന്നീ ലാറ്റിൻ പദങ്ങളിൽ നിന്നുമാണ് "**ക്യൂണിഫോം"** എന്ന പദമുണ്ടായത്.
- സമൂഹത്തിലെ ഇടപാടുകളുടെ രേഖകൾ സൂക്ഷിക്കേണ്ടി വന്നപ്പോഴാണ് എഴുത്തുവിദ്യ ആരംഭിച്ചത്.
- മെസൊപ്പൊട്ടേമിയക്കാർ കളിമൺ ഫലകങ്ങളിലാണ് എഴുതിയിരുന്നത്.
- എഴുത്തുകാരൻ കളിമണ്ണ് കുഴച്ച് ഒരു ഫലകം രൂപപ്പെടുത്തി എടുക്കും.
- അതിന്റെ ഉപരിതലം മിനുക്കിയെടുത്ത് ഒരു തരം നാരായം ഉപയോഗിച്ച് ആപ്പിന്റെ ആകൃതിയിൽ ഇതിലെഴുതുന്നു.
- അതിനുശേഷം കളിമൺ ഫലകം വെയിലത്ത് വച്ച് ഉണക്കിയെടുക്കും.
- ഉണക്കിയെടുത്ത ഫലകത്തിൽ പിന്നീട് എഴുതാൻ കഴിയുകയില്ല.
- അതിനാൽ ഓരോ ഇടപാടിനും ഓരോ ഫലകം ആവശ്യമായിരുന്നു.
- താഴെ പറയുന്ന കാര്യങ്ങൾക്കു വേണ്ടിയാണ് അവർ എഴുതിയിരുന്നത്.
    1. നിഘണ്ടു നിർമ്മാണത്തിന്
    2. ഭൂമി ഇടപാടുകൾക്ക്.
    3. രാജാക്കന്മാരുടെ പ്രവർത്തികൾ രേഖപ്പെടുത്തുന്നതിന്.

4. സാഹിത്യ രചനക്കുവേണ്ടി
5. രാജകീയ വിളംബരങ്ങൾക്ക്
6. ഭരണപരമായ രേഖകൾ എഴുതി സൂക്ഷിക്കുന്നതിന്.

- **ഉറുക്കി**ലെ ഭരണാധികാരിയായ **എൻമെർക്കർ** നെ കുറിച്ചുള്ള ഒരു കാവ്യം മെസൊപ്പൊട്ടേമിയയിലുണ്ട്.
- ഇദ്ദേഹമാണ് ആദ്യമായി വ്യാപാരം ആരംഭിച്ചത്.
- "**നഗരം"(City)** എന്ന പേരിൽ അറിയപ്പെടുന്ന നഗരമാണ് **ഉറുക്ക്**.
- തന്റെ കൊട്ടാരം മോടിപിടിപ്പിക്കുന്നതിനാവശ്യമായ ഇന്ദ്രനീല കല്ലുകൾക്ക് വേണ്ടി ഒരു ദൂതനെ അദ്ദേഹം അരാറ്റയിലേക്കു അയക്കുന്നു.
- ദൂതൻ കൈവശം ഒരു എഴുതിയ ഫലകം അദ്ദേഹം കൊടുത്തുവിടുന്നു.
- ഇതിൽ നിന്നു മനസ്സിലാകുന്നത് വ്യാപാരവും എഴുത്തുവിദ്യയും നഗരജീവിതവും തമ്മിൽ ബന്ധമുണ്ടായിരുന്നു എന്നാണ്.

### എഴുത്തുരീതി

- ഒരു ക്യൂണിഫോം ചിഹ്നം പ്രതിനിധാനം ചെയ്യുന്ന ശബ്ദം ഏകവ്യഞ്ജനമോ സ്വരമോ അല്ല.
- മറിച്ച് അവ അക്ഷര കൂട്ടങ്ങളാണ് .
- ഉദാഹരണത്തിന് put ,in മുതലായവ.
- ഒരു എഴുത്തുകാരൻ നൂറുകണക്കിന് ചിഹ്നങ്ങൾ പഠിക്കണമായിരുന്നു.
- ഒരു നനഞ്ഞ ഫലകം കൈകാര്യം ചെയ്യാനും അത് ഉണങ്ങുന്നതിനു മുൻപ് അതിലെഴുതാനും അറിയണമായിരുന്നു.

### സാക്ഷരത

- രാജാവിനും വളരെ കുറഞ്ഞ ആളുകൾക്കും മാത്രമേ എഴുതാനും വായിക്കാനും അറിയുമായിരുന്നുള്ളൂ.
- നൂറുകണക്കിന് ചിഹ്നങ്ങൾ പഠിക്കുക എളുപ്പമായിരുന്നില്ല.
- മാത്രമല്ല ഈ ചിഹ്നങ്ങൾ സങ്കീർണവുമായിരുന്നു.

## എഴുത്തുവിദ്യയുടെ സംഭാവനകൾ

- മെസൊപ്പൊട്ടേമിയൻ എഴുത്തുവിദ്യ ശാസ്ത്രങ്ങൾക്കു വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്.
- **ഗണിത ശാസ്ത്രം, കലണ്ടർ നിർമ്മാണം(സമയം കണക്കുകൂട്ടൽ)** എന്നിവയിലാണ് മെസൊപ്പൊട്ടേമിയക്കാർ മികച്ച സംഭാവനകൾ നൽകിയത്.
- ഗണിത ശാസ്ത്രത്തിൽ **ഗുണനം ഹരണം, വർഗ്ഗം, വർഗ്ഗമൂലം, കൂട്ടുപലിശ** എന്നിവ അവർ കണ്ടുപിടിച്ചു.
- ഭൂമിക്കു ചുറ്റുമുള്ള ചന്ദ്രന്റെ ഭ്രമണമനുസരിച്ച് ഒരു **വർഷത്തെ 12 മാസങ്ങളായും ഒരു മാസത്തെ**

**4 ആഴ്ചകളായും ഒരു ദിവസത്തെ 24 മണിക്കൂറുകളായും ഒരു മണിക്കൂറിനെ 60 നിമിഷങ്ങളായും**

_ തിരിക്കുന്ന രീതി മെസൊപ്പൊട്ടേമിയക്കാരാണ് കണ്ടുപിടിച്ചത്.

-ചന്ദ്രന്റെ പ്രയാണത്തെ അടിസ്ഥാനമാക്കിയുള്ള **ചാന്ദ്രകലണ്ടർ** ആണ് അവർ ഉപയോഗിച്ചത്.

- സൂര്യ ഗ്രഹണവും ചന്ദ്രഗ്രഹണവും ഉണ്ടാകുന്നത് അവർ വർഷം, മാസം, ദിവസം എന്നിവയനുസരിച്ച് രേഖപ്പെടുത്തിവച്ചു.

## ഇടയമേഖലയിലെ വ്യാപാരനഗരം

### (മാരി നഗരത്തിലെ ജീവിതം)

- മെസൊപ്പൊട്ടേമിയയുടെ രാജകീയ തലസ്ഥാനമാണ് **മാരി.**
- യൂഫ്രട്ടീസ് നദിയുടെ ഉപരിഭാഗത്താണ് മാരി സ്ഥിതി ചെയ്യുന്നത്.
- കൃഷിയും മൃഗപരിപാലനവുമായിരുന്ന ജനങ്ങളുടെ മുഖ്യ തൊഴിൽ.
- ഇവിടെ കർഷകരും ഇടയന്മാരും താമസിച്ചിരുന്നു.
- അവർ തമ്മിൽ സാധനങ്ങൾ കൈമാറ്റം ചെയ്തിരുന്നു.
- ധാന്യം, പണിയായുധങ്ങൾ എന്നിവയ്ക്ക് പകരമായി ഇടയന്മാർ മൃഗങ്ങൾ, വെണ്ണ, തുകൽ, മാംസം, വളം എന്നിവ കർഷകരുമായി കൈമാറി.
- ഇടയന്മാരും കർഷകരും തമ്മിൽ സംഘർഷങ്ങൾ നിലനിന്നിരുന്നു.
- വയലുകളിലൂടെ വിള നശിപ്പിച്ചുകൊണ്ട് ആട്ടിൻപറ്റങ്ങളുമായി ആട്ടിടയൻ കടന്നുപോകുമ്പോൾ സംഘർഷങ്ങൾ ഉണ്ടാകാറുണ്ട്.
- നാടോടികളായ ഇടയന്മാർ കാർഷിക ഗ്രാമങ്ങൾ ആക്രമിക്കുകയും സംഭരിച്ചു വച്ച സാധനങ്ങൾ പിടിച്ചെടുക്കുകയും ചെയ്യാറുണ്ട്.
- മാരിയിലെ രാജാക്കൻമാർ അമോറൈറ്റുകൾ ആയിരുന്നു.
- പുൽമേടിന്റെ ദേവനായ **ദാഗനു(ഡാഗൻ)** വേണ്ടി അവർ മാരിയിൽ ഒരു ക്ഷേത്രം പണികഴിപ്പിച്ചു.
- മാരി വ്യാപാരത്തിന്റെ ഒരു കേന്ദ്രം കൂടിയായിരുന്നു.
- യൂഫ്രട്ടീസ് നദിയിലൂടെ കൊണ്ടുവരുന്ന മരത്തടി, ചെമ്പ് , വെളുത്തീയം, എണ്ണ, വീഞ്ഞ് തുടങ്ങിയ സാധനങ്ങൾ ഇവിടെ കച്ചവടം ചെയ്തിരുന്നു.

**********************

# THEME - 3

## മൂന്ന് ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചു കിടന്ന ഒരു സാമ്രാജ്യം (റോമാ സാമ്രാജ്യം)

- മൂന്നു ഭൂഖണ്ഡങ്ങളിലായി( ഏഷ്യ,യൂറോപ്പ്,ആഫ്രിക്ക) വ്യാപിച്ചുകിടന്ന ഒരു സാമ്രാജ്യമാണ് റോമാ സാമ്രാജ്യം.
- ഇറ്റലിയിലെ ടൈബർ നദിയുടെ തീരത്ത് സ്ഥിതി ചെയ്തിരുന്ന റോമാനഗരത്തെ കേന്ദ്രീകരിച്ചാണ് റോമാ സാമ്രാജ്യം വളർന്നു വന്നത്.
- **മെഡിറ്ററേനിയൻ സമുദ്രം** "**റോമാ സാമ്രാജ്യത്തിന്റെ ഹൃദയം**" എന്നറിയപ്പെടുന്നു.
- പടിഞ്ഞാറ് സ്പെയിൻ മുതൽ കിഴക്കു സിറിയ വരെ വ്യാപിച്ചു കിടക്കുന്ന സമുദ്രമാണിത്.
- മെഡിറ്ററേനിയൻ സമുദ്രം യൂറോപ്പിനെയും ആഫ്രിക്കയെയും വേർതിരിക്കുന്നു.
- റോമാ സാമ്രാജ്യത്തിന്റെ വടക്കു ഭാഗത്ത് റൈൻ ഡാന്യൂബ് നദികളും തെക്കുഭാഗത്ത് സഹാറ മരുഭൂമിയുമാണ്.

## സാമൂഹ്യ ശ്രേണികൾ

- റോമൻ ചരിത്രകാരനായ **റ്റാസിറ്റസ്** റോമാ സാമ്രാജ്യത്തിലെ സാമൂഹ്യ വിഭാഗങ്ങളെ 5 ആയി തരം തിരിക്കുന്നു. അവ താഴെ പറയുന്നവയാണ്.

### 1. സെനറ്റർമാർ

- സമൂഹത്തിലെ ഏറ്റവും സമ്പന്ന വിഭാഗം
- ഇവർ വൻകിട ഭൂവുടമകളായിരുന്നു.
- ഭരണ രംഗത്ത് ചക്രവർത്തിക്ക് തൊട്ടു താഴെയുള്ള സ്ഥാനം.

### 2. നൈറ്റുകൾ (കുതിരപ്പടയാളികൾ)

- സമൂഹത്തിലെ രണ്ടാമത്തെ വർഗ്ഗം.
- ഭൂവുടമകളായിരുന്നു

### 3. മധ്യവർഗ്ഗം

- ഉദ്യോഗസ്ഥ വൃന്ദം, സൈന്യം,സമ്പന്ന വ്യാപാരികൾ, കർഷകർ എന്നിവരാണ് ഇതിൽ ഉൾപ്പെട്ടിരുന്നത്.

### 4. ഹ്യുമിലിയോറസ് (കീഴാള വർഗ്ഗം)

- ഗ്രാമങ്ങളിലെ പണിക്കാർ, വ്യവസായങ്ങളിലെയും ഖനികളിലെയും തൊഴിലാളികൾ കൈവേലക്കാർ എന്നിവർ ഇതിൽ ഉൾപ്പെടുന്നു.

### 5. അടിമകൾ

- സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ള വിഭാഗമായിരുന്നു അടിമകൾ.

## പിൽക്കാല റോമാ സാമ്രാജ്യം (പിൽക്കാല പൗരാണികത )

- നാലാം നൂറ്റാണ്ടുമുതൽ ഏഴാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടമാണ് പിൽക്കാല റോമാ സാമ്രാജ്യം.

### ഡയോക്ലിഷ്യൻ

- സാമ്രാജ്യത്തിന്റെ വലുപ്പം വെട്ടിക്കുറച്ചു.
- അതിർത്തി കോട്ട കെട്ടി സംരക്ഷിച്ചു.
- പ്രവിശ്യയുടെ അതിർത്തി പുനഃസംഘടിപ്പിച്ചു.
- സൈനീക കമ്മാണ്ടർമാർക്ക് കൂടുതൽ സ്വയം ഭരണാവകാശം നൽകി.

### കോൺസ്റ്റന്റൈൻ ചക്രവർത്തി

- കോൺസ്റ്റന്റൈൻ ചക്രവർത്തിയാണ് ക്രിസ്തുമതം ഔദ്യോഗികമതമായി പ്രഖ്യാപിച്ചത്.
- ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച ചക്രവർത്തിയും അദ്ദേഹമാണ്.
- കോൺസ്റ്റന്റൈൻ ചക്രവർത്തി 4 1/2 ഗ്രാം(നാലര ഗ്രാം) തൂക്കമുള്ള ശുദ്ധമായ "**സോളിഡസ്**"എന്ന സ്വർണ്ണ നാണയം പുറനാലര ഗ്രാംത്തിറക്കി
- **കോൺസ്റ്റാന്റിനോപ്പിൾ** എന്ന പുതിയ തലസ്ഥാന നഗരം പണികഴിപ്പിച്ചു.
- ഇതിനെ രണ്ടാം തലസ്ഥാനമാക്കി.
- ഇത് ഇന്ന് **ഇസ്താംബുൾ** എന്നറിയപ്പെടുന്നു.
- എണ്ണമില്ലുകളും ഫാക്ടറികളും ജലമില്ലുകളും സ്ഥാപിച്ചു.

*********************

# THEME 4

# മധ്യ ഇസ്ലാമിക പ്രദേശങ്ങൾ

## ഖലീഫ ഭരണം

-മുഹമ്മദ് നബിയുടെ മരണശേഷം രാഷ്ട്രീയ അധികാരം വിശ്വാസികളുടെ സമുദായമായ "ഉമ്മ"യുടെ കൈകളിൽ എത്തിച്ചേർന്നു.

- അതു പ്രകാരം സമുദായത്തിന്റെ നേതാവ് ഖലീഫ ആയിത്തീർന്നു.

- ഒന്നാമത്തെ ഖലീഫ **അബൂബക്കർ**

- രണ്ടാമത്തെ ഖലീഫ **ഉമർ**

- മൂന്നാമത്തെ ഖലീഫ **ഉസ്മാൻ**

- നാലാമത്തെ ഖലീഫ **അലി**

- അലിയുടെ കാലത്ത് ഇസ്ലാം മതം ഷിയാ, സുന്നി എന്നിങ്ങനെ വേർപിരിഞ്ഞു.

- മുഹമ്മദ് നബിയുടെ വിധവ ആയിഷ അലിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു.

- **ഒട്ടകയുദ്ധത്തിൽ(Battle of Camel)** അലി ആയിഷയുടെ സൈന്യത്തെ പരാജയപ്പെടുത്തി.

- എന്നാൽ മുആവിയയുടെ നേതൃത്വത്തിലുള്ള സൈന്യം അലിയെ പരാജയപ്പെടുത്തി.

## ഉമയ്യദുകൾ(ഉമവിയ്യകൾ)

- അഞ്ചാമത്തെ ഖലീഫ ആയ **മുആവിയായാണ്** ഉമയ്യദ് വംശത്തിന്റെ സ്ഥാപകൻ.

- അദ്ദേഹം തലസ്ഥാനം **ദമാസ്ക്കസിലേ**ക്കു മാറ്റി.

## അബ്ദുൽ മാലിക്കിന്റെ സംഭാവനകൾ

1. അബ്ദുൽ മാലിക് അറബി ഭരണ ഭാഷയായി സ്വീകരിച്ചു.
2. ഒരു ഇസ്ലാമിക നാണയ വ്യവസ്ഥ കൊണ്ടുവന്നു.
3. ഖലീഫ ഭരണത്തിൽ പ്രചരിച്ചിരുന്ന സ്വർണ്ണ നാണയമായ ദിനാറിലും വെള്ളി നാണയമായ ദിർഹത്തിലും അറബ് കൊത്തു ലിഖിതങ്ങൾ ഏർപ്പെടുത്തി.
4. ജറുസലേമിൽ ഡോം ഓഫ് ദി റോക്ക് പണികഴിപ്പിച്ചു.

## അബ്ബാസിദ് വിപ്ലവം(അബ്ബാസിയ വിപ്ലവം)

- CE 750 ൽ **ദവ** എന്നറിയപ്പെട്ട ഒരു പ്രസ്ഥാനം ഉമയ്യദുകളെ പരാജയപ്പെടുത്തി അബ്ബാസിദുകളെ അധികാരത്തിൽ കൊണ്ടുവന്നു.

- പ്രവാചകന്റെ മാതുലനായ അബ്ബാസിന്റെ പിൻഗാമികളായിരുന്നു അബ്ബാസിദുകൾ

- കിഴക്കൻ ഇറാനിലെ **ഖുറാസാൻ** എന്ന സ്ഥലത്താണ് വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്.

- ഖുറാസാനിലെ അറബ് പോരാളികളിൽ ഭൂരിഭാഗവും ഇറാനിൽ നിന്നുള്ളവരായിരുന്നു.

- നികുതി സൗജന്യങ്ങൾ ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നൽകാമെന്ന വാഗ്ദാനം നിറവേറ്റാത്തതിനാൽ ഉമയ്യദുകളോട് അവർക്കു കടുത്ത ശത്രുത ഉണ്ടായിരുന്നു.
- അബ്ബാസിദ് സൈന്യത്തെ നയിച്ചത് ഒരു ഇറാനിയൻ അടിമ ആയിരുന്ന **അബു മുസ്ലിം** ആണ്.
- സാബ് നദിക്കരയിൽ വച്ചുണ്ടായ യുദ്ധത്തിൽ അവസാനത്തെ ഉമയ്യദ് ഖലീഫയായ **മർവാനെ** അബ്ബാസിദുകൾ പരാജയപ്പെടുത്തി.
- അബ്ബാസിദുകൾ തലസ്ഥാനം **ബാഗ്ദാദി**ലേക്കു മാറ്റി.
- അബ്ബാസിദ് ഭരണത്തിൽ അറബ് സ്വാധീനം കുറയുകയും ഇറാനിയൻ സ്വാധീനം വർദ്ധിക്കുകയും ചെയ്തു.

## വിജ്ഞാനവും സംസ്കാരവും

- വിജ്ഞാനം, സംസ്കാരം തുടങ്ങിയ മേഖലകളിൽ ഇസ്ലാം മതം നൽകിയിട്ടുള്ള സംഭാവനകൾ താഴെ പറയുന്നവയാണ്.

### 1. നിയമ സംഹിത

- മുസ്ലിം പണ്ഡിതന്മാർ (ഉലമമാർ) തയ്യാറാക്കിയ നിയമ സംഹിതകളാണ് "ശരിയത്ത്."
- ഇസ്ലാമിക നിയമത്തിന്റെ 4 ചിന്താരീതികൾ താഴെ പറയുന്നവയാണ്.
  1. മാലിക്കി
  2. ഹനഫി
  3. ഷാഫി
  4. ഹൻബലി
- രാജ്യത്തിൻറെ സുരക്ഷയുമായി ബന്ധപ്പെട്ട കേസുകൾ ഖാസിയാണ് കൈകാര്യംചെയ്യുന്നത്.

### 2. സൂഫിസം

- മധ്യ കാലഘട്ടത്തിൽ ഇസ്ലാമതത്തിലുണ്ടായ ഒരു പരിഷ്ക്കരണ പ്രസ്ഥാനമാണ് സൂഫിസം.
- ഭൗതീക ജീവിതത്തോടും സുഖ സൗകര്യങ്ങളോടും സമൂഹം കാണിച്ച താല്പര്യത്തെ സൂഫികൾ വിമർശിച്ചു.
- പ്രാർഥനക്കും സ്നേഹത്തിനും അവർ പ്രാധാന്യം നൽകി.
- ബസ്രയിലെ സന്യാസിനിയായ റാബിയ, സൂഫി സന്യാസിയായ ബയാസിദ് ബിസ്താമി തുടങ്ങിയവർ ദൈവസ്നേഹത്തിലൂടെ മനുഷ്യന് ദൈവവുമായി ഒന്നിക്കാൻ കഴിയും എന്ന് വിശ്വസിച്ചു.

### 3. തത്വശാസ്ത്രവും ശാസ്ത്രവും

- അരിസ്റ്റോട്ടിലിന്റെ കൃതികൾ, യൂക്ലിഡിന്റെ എലമെൻറ്സ്, ടോളമിയുടെ അൽമജെസ്റ് എന്നിവ അറബ് പണ്ഡിതന്മാരെ സ്വാധീനിച്ചു.

- ഒരു വൈദ്യനും തത്വ ചിന്തകനുമായ ഇബ്ൻ സിന രചിച്ച പുസ്തകമാണ് "**കാനൻ ഓഫ് മെഡിസിൻ".**
- ഇതിൽ 750 ൽ പരം മരുന്നുകളെക്കുറിച്ചും പഥ്യാഹാരത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.
- പരിസ്ഥിയും കാലാവസ്ഥയും ആരോഗ്യത്തിൽ ചെലുത്തുന്ന സ്വാധീനം, ചില രോഗങ്ങളുടെ -
- സാംക്രമിക സ്വഭാവം എന്നിവയും ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.
- ഇബൻസിന യൂറോപ്പിൽ അവിസെന്ന എന്നാണ് അറിയപ്പെട്ടിരുന്നത്.

## 4. ഭാഷയും സാഹിത്യവും

- ഈ കാലഘട്ടത്തിൽ ധാരാളം ഭാവഗീതങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്.
- **അബു നവാസ്** വീഞ്ഞ്, പുരുഷ പ്രണയം എന്നിവയെ ആധാരമാക്കി കവിതകൾ രചിച്ചിട്ടുണ്ട്.
- **രുദകി**യാണ് പുതിയ പേർഷ്യൻ കാവ്യത്തിന്റെ പിതാവ്.
- സമാനിദുകളുടെ രാജസദസ്സിലെ ആസ്ഥാന കവിയായിരുന്ന രുദകി.
- ഇതിൽ ചെറിയ ഗസലുകളും നാലുവരി കവിതകളും(റുബായ്) ഉൾപ്പെടുന്നു.
- റുബായ് ഔന്നത്യത്തിലെത്തിയത് ഉമർ ഖയ്യാമിലൂടെയാണ്.
- "**ഷാനാമ**" യുടെ രചയിതാവ് **ഫിർദൗസി**യാണ്.
- രാത്രികൾ തോറും ഷഹർസാദ് തന്റെ ഭർത്താവിനോട് പറഞ്ഞ കഥകളുടെ സമാഹാരമായ "**ആയിരത്തൊന്ന് രാവുകൾ**" ഈ കാലഘട്ടത്തിലാണ് രചിക്കപ്പെട്ടത്.
- **ബാലദുരി** രചിച്ച "**ജീനിയോളജി ഓഫ് നോബിൾസ്**" , **തബരി**യുടെ "**പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും ചരിത്രം**" ഇവ ഇക്കാലഘട്ടത്തിൽ രചിച്ചതാണ് .
- **അൽബിറൂനി**യുടെ "**താഹിക് അൽ ഹിന്ദ്**" (ഇന്ത്യയുടെ ചരിത്രം) എന്ന പുസ്തകവും ഈ കാലഘട്ടത്തിലെ സൃഷ്ടിയാണ്.

## 5. കലയും വാസ്തുശില്പകലയും

- മുസ്ലിം പള്ളികൾക്കു വ്യത്യസ്തമായ ഒരു വസ്തു ശിൽപ്പകല ഉണ്ടായിരുന്നു.
- മേൽക്കൂരയെ താങ്ങിനിർത്തിയിരുന്നത് സ്തംഭങ്ങളാണ് .
- ഓരോ പള്ളിയിലും തുറസ്സായ നടുമുറ്റവും കുളവും ഉണ്ടായിരുന്നു.
- മാത്രവുമല്ല പള്ളിക്കുള്ളിൽ ഒരു ഹാളും ഉണ്ടായിരുന്നു.
- ഹാളിന്റെ ഉൾഭാഗത്ത് ഒരു പ്രസംഗ വേദിയും ഹാളിനോട് ചേർന്ന് ഒരു മിനാരവും ഉണ്ട്.
- ഇസ്ലാമിക കലയിൽ "കൈയെഴുത്തും" "അറബെസ്കും" പ്രചാരം നേടി.
- കയ്യെഴുത്തിന്റെ മനോഹരമായ കലയാണ് "**കാലിഗ്രാഫി.**"
- ജ്യോമടിക് ഡിസൈനുകളും സസ്യങ്ങളുടെ ഡിസൈനികളും ഉള്ള ചിത്രപ്പണിയാണ് "**അറബെസ്ക്".**

^^^^^^^^^^^^^^^^^^

# THEME 5

## നാടോടി സാമ്രാജ്യങ്ങൾ

- **1206** ൽ മംഗോളിയയിലെ ഗോത്ര മുഖ്യന്മാരുടെ അസ്സംബ്ലിയായ "**കുരിൽടെയ്**" **സഭയിൽ** വച്ച് **ടെമൂജിന്** ചെങ്കിസ്ഖാൻ, ഓഷ്യാനിക് ഖാൻ എന്നീ നാമങ്ങൾ ലഭിക്കുകയുണ്ടായി.
- "ഖാൻ" എന്നവാക്കിന്റെ അർഥം "ഭരണാധികാരി" എന്നാണ്.

## സാമൂഹിക, രാഷ്ട്രീയ, സൈനീക സംവിധാനം

### സൈനീക ഘടന

- മംഗോളിയർക്കിടയിലെ ആരോഗ്യമുള്ള പ്രായപൂർത്തിയായ എല്ലാ പുരുഷന്മാരും ആയുധങ്ങൾ ധരിച്ചിരുന്നു.
- ആവശ്യമുള്ള സന്ദർഭങ്ങളിൽ ഇവരാണ് സൈന്യമായി പ്രവർത്തിച്ചിരുന്നത്.
- ചെങ്കിസ്ഖാൻ നടപ്പിലാക്കിയ സൈനീക സംവിധാനം "**താമ**" എന്നപേരിൽ അറിയപ്പെടുന്നു.
- ദശാംശ സംബ്രദായത്തിലാണ് അദ്ദേഹം സൈന്യത്തെ രൂപീകരിച്ചത്.
- അതായത് 10 പടയാളികളുടെ ഉണിതങ്ങളായി -10 ,100 ,1000 ,10000 പടയാളികൾ എന്നിങ്ങനെ.
- പഴയ ഗോത്ര വിഭാഗങ്ങളെ വിഭജിക്കുകയും അവരെ പുതിയ സൈനീക യൂണിറ്റുകളാക്കുകയും ചെയ്തു
- അവർക്കു അനുവദിച്ച ഗ്രൂപ്പിൽ നിന്ന് സമ്മതമില്ലാതെ മറ്റു ഗ്രൂപ്പിലേക്ക് മാറുന്നവർക്കു കഠിനമായ ശിക്ഷകൾ നൽകിയിരുന്നു.
- പുതിയ സൈനീക സംഘങ്ങൾ ചെങ്കിസ്ഖാന്റെ 4 മക്കളുടെ കീഴിൽ സേവനം അനുഷ്ഠിക്കണമായിരുന്നു.
- കൂടാതെ **നോയൻ** എന്നറിയപ്പെടുന്ന സൈനീക ക്യാപ്റ്റന്റെ കീഴിലും പരിശീലനത്തിൽ ഏർപ്പെടണം.
- ചെങ്കിസ്ഖാനോട് കൂറ് പുലർത്തിയിരുന്ന എല്ലാ പ്രതിസന്ധികളിലും സഹായിച്ചിരുന്ന അനുയായികളെ "**അണ്ട**" (Blood Brothers) അഥവാ "**രക്ത സഹോദരന്മാർ**" എന്നാണ് വിശേഷിപ്പിച്ചിരുന്നത്.
- താഴ്ന്ന പദവിയിലുള്ള മറ്റുള്ളവരെ "**നൗകർ**" എന്ന് വിളിച്ചു.
- പുതിയതായി കീഴടക്കിയ പ്രദേശങ്ങളിലെ ജനങ്ങളെ ഭരിക്കുന്നതിനുള്ള ഉത്തരവാദിത്വം ചെങ്കിസ്ഖാന്റെ 4 പുത്രന്മാരെ ഏൽപ്പിച്ചു.
- ഈ പ്രദേശങ്ങൾ "**ഉലുസ്**"എന്നറിയപ്പെടുന്നു.

- ഉല്യസ്സുകൾ 4 എണ്ണം ഉണ്ടായിരുന്നു. അവ താഴെ പറയുന്നവയാണ്.

1. **ജോച്ചി - റഷ്യൻ പുൽമേടുകൾ**
2. **ചഗടെ - ട്രാൻസ് ഓക്സിയാന, ടർക്കിസ്ഥാൻ പുൽമേടുകൾ**
3. **ഒഗോഡി -ചെങ്കിസ്ഖാന്റെ പിൻഗാമി**
4. **തൊല്യയു - പരമ്പരാഗത ഭൂമികൾ**

## കൊറിയർ സംബ്രദായം (യാം)

- ചെങ്കിസ്ഖാന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന അദ്ദേഹം നടപ്പിലാക്കിയ കൊറിയർ സംബ്രദായമാണ്.
- ഇത് **യാം (Yam)** എന്നറിയപ്പെടുന്നു.
- തപാൽ ഓഫീസുകൾ, കാവൽപ്പുരകൾ, സന്ദേശ വാഹകർ, കുതിരകൾ തുടങ്ങിയവർ ഇതിന്റെ ഭാഗമായിരുന്നു.
- തപാൽ സമ്പ്രദായത്തിന്റെ നിലനില്പിനുവേണ്ടി മംഗോളിയർ അവരുടെ കാവൽപട്ടാളത്തിന്റെ **1/ 10** ഭാഗം ചെങ്കിസ്ഖാന് നൽകിയിരുന്നു.
- ഇതിനെ "**കൂബ്കർ നികുതി**" എന്നാണ് വിളിച്ചിരുന്നത്.

## നിയമസംഹിത(യാസ)

- ചെങ്കിസ്ഖാൻ ആവിഷ്കരിച്ച നിയമ സംഹിതയാണ് യാസ.
- ഗോത്ര മുഖ്യന്മാരുടെ അസ്സംബ്ലിയായ കുറിൽടെയ്സിൽ വച്ച് ചെങ്കിസ്ഖാൻ അദ്ദേഹത്തിന്റെ നിയമം പ്രഖ്യാപിച്ചു.
- ഭരണപരമായ നിയന്ത്രണങ്ങൾ, നായാട്ട് , സൈന്യം, പോസ്റ്റൽ സംബ്രദായം എന്നിവ സംബന്ധിച്ച കൽപ്പനകളും ഉത്തരവുകളുമായിരുന്നു അത്.
- ഇത് പ്രകൃതി സംരക്ഷണത്തിന് പ്രാധാന്യംനൽകി.
- നദികളും അരുവികളും മലിനമാക്കുന്നതിനെ അദ്ദേഹം വിലക്കിയിരുന്നു.

********************

# THEME 6

## മൂന്നു ക്രമങ്ങൾ

- മധ്യകാല യൂറോപ്പിലെ 3 ക്രമങ്ങൾ അഥവാ സാമൂഹ്യ വർഗ്ഗങ്ങൾ താഴെ പറയുന്നവയാണ്.

**1 .പുരോഹിത വർഗ്ഗം**

**2 . പ്രഭുവർഗ്ഗം**

**3 . കർഷകർ**

## 1. പുരോഹിത വർഗ്ഗം

- കത്തോലിക്ക സഭക്ക് സ്വന്തമായ നിയമങ്ങളും സ്വന്തമായ ഭൂമിയും ഉണ്ടായിരുന്നു.
- നികുതി പിരിക്കാനുള്ള അവകാശം സഭക്ക് ഉണ്ടായിരുന്നു.
- സഭയുടെ തലവൻ പോപ്പ് ആയിരുന്നു.
- അദ്ദേഹം റോമിലാണ് താമസിച്ചിരുന്നത്.
- മിക്ക ഗ്രാമങ്ങൾക്കും സ്വന്തമായ പള്ളികൾ ഉണ്ടായിരുന്നു.
- എല്ലാവർക്കും പുരോഹിതന്മാരാകുവാൻ കഴിയുമായിരുന്നില്ല.
- അടിയാളർ, വികലാംഗർ, സ്ത്രീകൾ എന്നിവരെ പുരോഹിതരാകുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.
- സഭ കർഷകരിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി "<u>ടൈദ്</u>" എന്നറിയപ്പെടുന്നു.
- ഒരു വർഷത്തിലെ മൊത്തം ഉൽപ്പാദനത്തിന്റെ 1 / 10 ആണ് നികുതിയായി ഈടാക്കിയിരുന്നത്.

### സന്യാസിമഠപ്രസ്ഥാനം

- ഈശ്വര സേവനത്തിനായി ജീവിതം സമർപ്പിച്ചവർ താമസിച്ചിരുന്ന മഠങ്ങളാണ് സന്യാസി മഠങ്ങൾ .
- അവർ ലളിത ജീവിതത്തിനും ഏകാന്ത ജീവിതത്തിനും പ്രാധാന്യം നൽകി.
- അതിലെ അംഗങ്ങളെ സന്യാസിമാർ എന്നും അവരുടെ തലവനെ "**<u>ആബട്ട്</u>**"എന്നും വിളിച്ചിരുന്നു.
- സന്യാസിമഠപ്രസ്ഥാനത്തിന്റെ ഉൽഭവം **<u>ഈജിപ്തിലാ</u>**യിരുന്നു.
- **<u>ബേസിൽ പുണ്യവാള</u>**നാണ് ഇതിനു രൂപം നൽകിയത്.
- ഇറ്റലിയിലെ സന്യാസിമഠപ്രസ്ഥാനത്തിന് രൂപം നൽകിയത് **<u>ബെനഡിക്ട് പുണ്യവാള</u>**നാണ്.

- വില്യം ഒന്നാമൻ ഫ്രാൻസിൽ "**ക്ലൂണി** "എന്ന സന്യാസിമഠം സ്ഥാപിച്ചു.
- സന്യാസിമഠത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രവേശനമുണ്ടായിരുന്നു

## 2. പ്രഭുവർഗ്ഗം

- രണ്ടാമത്തെ ക്രമത്തിൽ ഉൾപ്പെട്ടത് പ്രഭുക്കന്മാരായിരുന്നു.
- ഫ്യൂഡൽ സംബ്രദായത്തിൽ രാജ്യത്തിലെ മുഴുവൻ ഭൂമിയുടെയും അധിപൻ രാജാവായിരുന്നു.
- രാജാവ് ഭൂമി പ്രഭുക്കന്മാർക്കു പതിച്ചു നൽകി.
- അങ്ങനെ പ്രഭുക്കന്മാർ ഭൂമിയുടെ ഉടമകളായിത്തിത്തീർന്നു.
- രാജാവ് തന്റെ ആശ്രിതരായ പ്രഭുക്കന്മാർക്ക് സംരക്ഷണം നൽകാമെന്നും പകരം പ്രഭു രാജാവിനോട് കൂറ് പുലർത്തണമെന്ന് വാഗ്ദാനം ചെയ്തു.
- പ്രഭുക്കന്മാർ തങ്ങളുടെ ഭൂമി കൃഷിക്കാരന് നല്കി.
- അങ്ങനെ പ്രഭുക്കന്മാർ യജമാനനും കൃഷിക്കാർ ആശ്രിതരുമായി .
- ഈ സമ്പ്രദായം "**ആശ്രിത വ്യവസ്ഥ**" എന്നറിയപ്പെടുന്നു.
- ആശ്രിതർക്ക് ഭൂമി കൈമാറിയിരുന്നത് വിപുലമായ ചടങ്ങുകളോടെ ആയിരുന്നു.
- പള്ളിയിൽ വച്ച് ബൈബിളിനെ സാക്ഷിയാക്കി ആശ്രിതർ പ്രതിജ്ഞ എടുത്തിരുന്നു.
- ഈ ചടങ്ങു നടക്കുമ്പോൾ ഭൂമിയുടെ ചിഹ്നമെന്ന നിലയിൽ ആശ്രിതന് യജമാനൻ ഒരു ലിഖിത പ്രമാണമോ ,ഒരു ദണ്ഡോ, മൺകട്ടയോ, നൽകിയിരുന്നു.
- പ്രഭുക്കന്മാർക്കു സ്വന്തമായി സൈന്യവും സ്വന്തമായി കോടതിയും സ്വന്തമായി പണം അടിച്ചിറക്കാനുള്ള അധികാരവും ഉണ്ടായിരുന്നു.

### മനോറിയൽ എസ്റ്റേറ്റ്

- പ്രഭുവിന്റെ വീടിനെ "**മാനർ**" എന്നാണ് വിളിച്ചിരുന്നത്.
- പ്രഭുവിന്റെ വീടും ഭൂമിയും ഉൾപ്പെടുന്നതാണ് മനോറിയൽ എസ്റ്റേറ്റ്.
- അദ്ദേഹത്തിന്റെ സ്വകാര്യ ഭൂമിയിൽ കൃഷി ചെയ്തിരുന്നത് കർഷകരാണ്.
- ഒരു ചെറിയ മനോറിയൽ എസ്റ്റേറ്റിൽ 12 കുടുംബങ്ങളും വലിയ എസ്റ്റേറ്റിൽ 50 / 60 കുടുംബങ്ങളും ഉണ്ടായിരുന്നു.
- നിത്യ ജീവിതത്തിന് ആവശ്യമായ എല്ലാ കാര്യങ്ങളും എസ്റ്റേറ്റിൽ ഉണ്ടായിരുന്നു.
- കരുവാൻമാരും, മരപ്പണിക്കാരും, കല്ലാശാരിമാരും ഇവിടെ ഉണ്ടായിരുന്നു.
- സ്ത്രീകൾ വസ്ത്രങ്ങൾ നെയ്തു.
- കുട്ടികൾ പ്രഭുവിന്റെ വീഞ്ഞു നിർമാണശാലയിൽ പണിയെടുത്തു.
- എസ്റ്റേറ്റിൽ ഒരു പള്ളിയും ഒരു കോട്ടയും ഉണ്ടായിരുന്നു.

- എന്നാൽ മാനർ പൂർണ്ണമായും സ്വയം പര്യാപ്തമായിരുന്നില്ല.
- ഉപ്പ് , ആട്ടുകല്ല് , ലോഹ പാത്രങ്ങൾ എന്നിവ പുറത്തുനിന്നാണ് കൊണ്ടുവന്നിരുന്നത്.

### നൈറ്റുകൾ

- മധ്യകാല യൂറോപ്പിലെ കുതിരപ്പടയാളികളാണ് നൈറ്റുകൾ എന്നറിയപ്പെടുന്നത്.
- ഇവർ യോദ്ധാക്കളായിരുന്നു.
- പ്രഭു നൈറ്റിന് നൽകുന്ന ഭൂമി "ഫീഫ്" എന്നറിയപ്പെടുന്നു.
- ഇത് 1000 മുതൽ 2000 ഏക്കർ വരെ ഉണ്ടായിരുന്നു.
- ഇതിൽ ഒരു വീട് ,ഒരു പള്ളി, ജലമില്ല്, വീഞ്ഞ് നിർമ്മാണശാല എന്നിവ ഉൾപ്പെട്ടിരുന്നു.
- ഈ ഭൂമി കൃഷി ചെയ്തിരുന്നത് കർഷകരാണ്.
- നൈറ്റ് തന്റെ യജമാനന് ഒരു ഫീസ് നൽകിയിരുന്നു.

## 3. കർഷകർ

ഫ്യൂഡൽ സമൂഹത്തിൽ 2 തരത്തിലുള്ള കർഷകർ ഉണ്ടായിരുന്നു.

1. സ്വതന്ത്ര കർഷകർ
2. അസ്വതന്ത്ര കർഷകർ(അടിയാളർ)

### 1. സ്വതന്ത്ര കർഷകർ

- അവർ ഭൂമി കൈവശം വച്ചിരുന്നു.
- അവർ പ്രഭുവിന്റെ കുടിയന്മാരായിരുന്നു.
- വർഷത്തിൽ ചുരുങ്ങിയത് 40 ദിവസമെങ്കിലും പ്രഭുവിനുവേണ്ടി അവർ സൈനിക സേവനമനുഷ്ഠിക്കണം.
- ആഴ്ചയിൽ 3 ദിവസമെങ്കിലും പ്രതിഫലമില്ലാതെ പ്രഭുവിന്റെ എസ്റ്റേറ്റിൽ ജോലി ചെയ്തിരിക്കണം.
- കിടങ്ങു കുഴിയ്ക്കുക, വിറകു ശേഖരിക്കുക, വേലി നിർമ്മിക്കുക, റോഡുകളുടെയും കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾ ചെയ്യുക തുടങ്ങിയ സൗജന്യ സേവനം പ്രഭുവിന് നല്കണമായിരുന്നു.
- കർഷകരിൽ നിന്ന് രാജാവ് ഈടാക്കിയിരുന്ന നികുതി "ടെയ്‌ലി" എന്നറിയപ്പെടുന്നു.

### 2. അസ്വതന്ത്ര കർഷകർ

- അവർക്കു സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല.
- അവർ പ്രഭുവിന്റെ ഭൂമിയിലാണ് കൃഷി ചെയ്തിരുന്നത്.
- അതിന് അവർക്കു കൂലി ലഭിച്ചിരുന്നില്ല.

- ഉൽപ്പന്നങ്ങളിൽ ഭൂരിഭാഗവും പ്രഭുവിന് കൊടുക്കേണ്ടി വന്നു.
- പ്രഭുവിന്റെ സമ്മതമില്ലാതെ എസ്റ്റേറ്റ് വിട്ടു പോകുവാനുള്ള അവകാശം അവർക്കുണ്ടായിരുന്നില്ല.
- അടിയാളർ  ധാന്യം പൊടിക്കുന്നതിന്  പ്രഭുവിന്റെ മില്ലുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
- ഒരു അടിയാളർ ആരെ വിവാഹം ചെയ്യണമെന്ന് തീരുമാനിക്കുന്നതുപോലും പ്രഭു ആയിരുന്നു.

*******************

# THEME 7

## മാറുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ (നവോത്ഥാനം)

### ഇറ്റാലിയൻ നഗരങ്ങളുടെ പുനരുത്ഥാനം

- നവോത്ഥാനം ആദ്യമായി ആരംഭിച്ച രാജ്യം ഇറ്റലിയാണ്.
- നവോത്ഥാനകാലത്ത് ഇറ്റലിയിൽ ഉയർന്നുവന്ന പ്രധാന നഗരങ്ങളാണ് **ഫ്ലോറൻസ്, വെനീസ്, ജനോവ** എന്നിവ .

### സർവകലാശാലകളും മാനവികതയും

- നവോത്ഥാനത്തിന്റെ മുഖ്യ സവിശേഷതയാണ് **ഹ്യൂമനിസം** അഥവാ **മാനവികത.**
- ഹ്യൂമനിസത്തിന്റെ വളർച്ചയിൽ ഇറ്റാലിയൻ നഗരങ്ങളും സർവകലാശാലകളും പ്രധാന പങ്കു വഹിച്ചു.
- യൂറോപ്പിലെ ആദ്യകാല സർവ്വകലാശാലകൾ സ്ഥാപിക്കപ്പെട്ടത് ഇറ്റാലിയൻ നഗരങ്ങളിലാണ്.
- **പാദുവ, ബൊളോഗ്ന** എന്നിവയാണ് ആദ്യകാല സർവ്വകലാശാലകൾ.
- ഇത്തരം സർവ്വകലാശാലകൾ നിയമ പഠനത്തിന്റെ കേന്ദ്രങ്ങളായിരുന്നു.
- ഇറ്റാലിയൻ സാഹിത്യകാരനായ **പെടാർക്ക്** ആണ് ഹ്യൂമനിസത്തിന്റെ പിതാവ്.
- വ്യാകരണം, ചരിത്രം, കവിത, തത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചിരുന്ന ആചാര്യന്മാരെ വിശേഷിപ്പിക്കാനാണ് "**ഹ്യൂമനിസ്റ്റ്**" എന്നപദം ഉപയോഗിച്ചത്.
- റോമിലെ അഭിഭാഷകനും പണ്ഡിതനുമായ **സിസറോ** "**സംസ്കാരം**" എന്ന അർത്ഥത്തിൽ വളരെ പണ്ടു മുതൽക്കേ ഈ പദം ഉപയോഗിച്ചിരുന്നു.
- ചുരുക്കത്തിൽ ഹ്യൂമനിസം ഒരു പാഠ്യപദ്ധതിയാണ് .
- ഇതിൽ ഭാഷ, ചരിത്രം, സാഹിത്യം തുടങ്ങിയ മാനവിക വിഷയങ്ങൾ ഉൾപ്പെടുന്നു.
- ഫ്ലോറൻസിലെ 2 മഹാന്മാരാണ് **ഡാന്റെ അലിഗിരി** എന്ന എഴുത്തുകാരനും **ഗിയാട്ടോ** എന്ന ചിത്രകാരനും.
- പല താല്പര്യങ്ങളും കഴിവുകളുമുള്ള മനുഷ്യരെ വിശേഷിപ്പിക്കുന്നതിനാണ് "**നവോത്ഥാന മനുഷ്യൻ**" എന്ന പദം ഉപയോഗിക്കുന്നത്.

## നവോത്ഥാന ശാസ്ത്രവും തത്വചിന്തയും

- പതിന്നാലാം നൂറ്റാണ്ടിൽ യൂറോപ്പിലെ പണ്ഡിതന്മാർ ഗ്രീക്ക് എഴുത്തുകാരായ പ്ലാറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും അറബി പരിഭാഷയിലുള്ള കൃതികൾ വായിക്കാൻ തുടങ്ങി.
- ഈ കൃതികളെല്ലാം പ്രകൃതിശാസ്ത്രം, ഗണിത ശാസ്ത്രം, ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം, രസതന്ത്രം എന്നിവയെക്കുറിച്ചുള്ളതായിരുന്നു.
- നവോത്ഥാന ശാസ്ത്രത്തിനും തത്വ ചിന്തക്കും മികച്ച സംഭാവനകൾ നൽകിയ 4 പണ്ഡിതന്മാർ താഴെപ്പറയുന്നവരാണ്.

1 . **ടോളമി** - അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ ജ്യോതിശാസ്ത്ര ഗ്രന്ഥമാണ് "**അൽമജസ്റ്റ്**" .

2. **അവിസെന്ന(ഇബ്ൻ സിന)**- അറബ് വൈദ്യനും തത്വചിന്തകനുമാണ്. പ്രധാന ഗ്രന്ഥം "**കാനൻ ഓഫ് മെഡിസിൻ**" .

3. **അൽ റാസി** - വൈദ്യശാസ്ത്ര വിജ്ഞാന കോശത്തിന്റെ രചയിതാവ്.

4. **ഇബ്ൻ റഷാദ്(അവിറോസ്)** - സ്പെയിനിലെ തത്വചിന്തകനും ദാർശനികനുമാണ്

## നവോത്ഥാന കല – റിയലിസം

- ഹ്യൂമനിസ്റ്റുകൾ തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് കലയേയും വാസ്തുശിൽപ്പ കലയേയും പുസ്തകങ്ങളെയും ഉപയോഗിച്ചു .
- ജീവൻ തുടിക്കുന്ന യഥാർത്ഥമായ ശിൽപ്പങ്ങൾ നിർമ്മിച്ചുകൊണ്ട് ഫ്ലോറൻസിലെ വിഖ്യാത ശില്പിയായ **ഡോണടെല്ലോ** മുന്നോട്ടു വന്നു.
- നവോത്ഥാന കലയുടെ മുഖ്യ സവിശേഷത **റിയലിസം** ആയിരുന്നു.
- മനുഷ്യ ശരീരത്തെ യഥാർത്ഥമായി കൃത്യതയോടെ ചിത്രീകരിക്കാനാണ് കലാകാരൻമാർ ശ്രമിച്ചത്.
- അസ്ഥികളുടെ ഘടനകൾ പഠിക്കുന്നതിന് കലാകാരൻമാർ മെഡിക്കൽ സ്കൂളിലെ ലബോറട്ടറികൾ സന്ദർശിച്ചു.
- വൈദ്യശാസ്ത്ര പ്രൊഫസ്സർ ആയിരുന്ന **ആൻഡ്രിയസ് വെസ്സാലിയസ്** ആണ് മനുഷ്യ ശരീരത്തെ ആദ്യമായി കീറി മുറിച്ചത്.
- നവോത്ഥാനകാലത്ത് ചിത്ര കലയുടെ രംഗത്തും വലിയ പുരോഗതി ഉണ്ടായി.
- ചിത്രങ്ങൾക്ക് ഒരു ത്രിമാന സ്വഭാവം കൈവരിക്കാൻ അവർക്കു സാധിച്ചു.
- അവർ എണ്ണച്ചായാചിത്രങ്ങളും വരയ്ക്കുകയുണ്ടായി.

# <u>വാസ്തുശില്പകല</u>

- ചിത്രകലയിലും പ്രതിമ നിർമ്മാണ കലയിലും വാസ്തുശില്പകലയിലും ഒരുപോലെ പ്രാവീണ്യമുള്ള വ്യക്തികൾ ഇക്കാലത്ത് ജീവിച്ചിരുന്നു.
- അവരിൽ ഏറ്റവും പ്രമുഖനാണ് **മൈക്കലാഞ്ജലോ** .
- പോപ്പിനുവേണ്ടി **സിസ്റ്റൈൻ ചാപ്പലിന്റെ മച്ചിൽ വരച്ച ചിത്രങ്ങൾ**, "**പിയത്ത**" എന്ന ശിൽപ്പം, "**അന്ത്യവിധി**" എന്ന ചിത്രം ഇവ അദ്ദേഹത്തെ അനശ്വരനാക്കി.
- നവോത്ഥാനകാലത്തെ മറ്റൊരു പ്രസിദ്ധ ചിത്രകാരനായിരുന്നു **ലിയനാർഡോ ഡാവിഞ്ചി** .
- അദ്ദേഹത്തിന്റെ "**മൊണാലിസ**", "**അവസാനത്തെ അത്താഴം**" തുടങ്ങിയവ ലോക പ്രസിദ്ധങ്ങളാണ്.
- ശില്പകലയിലും വാസ്തുശില്പകലയിലും സംഭാവന നൽകിയ മറ്റൊരു വ്യക്തിയാണ് **ഫിലിപ്പോ ബ്രൂണലേഷി** **.**
- ഫ്ലോറൻസിലെ **ഡ്വാമ** രൂപകൽപ്പന ചെയ്തത് അദ്ദേഹമാണ്.

^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^^

# THEME 8

## സംസ്കാരങ്ങളുടെ ഏറ്റുമുട്ടൽ

## മധ്യ-തെക്കേ അമേരിക്കയിലെ രാഷ്ട്ര സംബ്രദായങ്ങൾ

- ആസ്ടെക്, ഇൻക, മായൻ സംസ്കാരങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത്.

### ആസ്ടെക് സംസ്കാരം

- **മെക്സിക്കോ** കേന്ദ്രമായി നിലനിന്നിരുന്ന സംസ്കാരമാണ് ആസ്ടെക് സംസ്കാരം.
- മെക്സിറ്റ്ലി എന്ന ദേവന്റെ പേരിൽ നിന്നാണ് മെക്സിക്കോ എന്ന പേരുണ്ടായത്.
- ആസ്ടെക് സമൂഹം ശ്രേണീബദ്ധമായിരുന്നു.
- പ്രമുഖന്മാർ, പുരോഹിതന്മാർ, ഉന്നത പദവി ലഭിച്ചിരുന്നവർ എന്നിവരെല്ലാം ഉൾപ്പെട്ടതായിരുന്നു കുലീനവർഗ്ഗം.
- രാജാവ് ഭൂമിയിലെ സൂര്യന്റെ പ്രതിനിധിയായി കണക്കാക്കപ്പെട്ടിരുന്നു.
- ഭൂമി പരിമിതമായതിനാൽ ആസ്ടെക്കുകൾ ഭൂമി വീണ്ടെടുത്ത് കൃഷിക്ക് ഉപയുക്തമാക്കാനുള്ള രീതി സ്വീകരിച്ചിരുന്നു.
- ഇതിനായി അവർ മെക്സിക്കോ തടാകത്തിൽ "**ചിനമ്പകൾ**" അഥവാ "**കൃത്രിമ ദ്വീപുകൾ**" നിർമ്മിച്ചു.
- വലിയ ഈറ്റപ്പായകളുണ്ടാക്കിയ ശേഷം ചെളികൊണ്ടു മൂടി അതിനുമേൽ ചെടികൾ പിടിപ്പിച്ചാണ് ഇത് സാധ്യമാക്കിയത്.
- അങ്ങനെ നിർമ്മിക്കപ്പെട്ട ഈ ദ്വീപുകൾക്കിടയിൽ കനാലുകളും തലസ്ഥാന നഗരമായ **ടെനോക്ടിലനും** (1325 ൽ) നിർമ്മിച്ചു.
- ചോളം, ബീൻസ്, ഉരുളക്കിഴങ്ങ് തുടങ്ങിയ വിളകൾ അവർ കൃഷി ചെയ്തിരുന്നു.
- ഭൂമിയുടെ ഉടമസ്ഥത വ്യക്തികൾക്കല്ല മറിച്ച് കുലത്തിനായിരുന്നു.
- അടിമത്തം നിലനിന്നിരുന്നു.
-ദരിദ്രർ അവരുടെ മക്കളെ അടിമകളാക്കി വിറ്റിരുന്നു.

### വിദ്യാഭ്യാസം

- ആസ്ടെക്കുകൾ വിദ്യാഭ്യാസത്തിനു വലിയ പ്രാധാന്യം നൽകിയിരുന്നു.
- എല്ലാ കുട്ടികളും വിദ്യാലയത്തിൽ പോകുന്നുണ്ടെന്ന് അവർ ഉറപ്പുവരുത്തി.

- പ്രഭുക്കന്മാരുടെ മക്കൾ പഠിച്ചിരുന്ന വിദ്യാലയം "**കാൽമേകാക്ക്**"എന്നറിയപ്പെട്ടു.
- സൈനീക നേതാവോ മത നേതാവോ ആക്കുന്നതിനുള്ള പരിശീലനമാണ് ഇവിടെ നൽകിയിരുന്നത്.
- സമൂഹത്തിലെ മറ്റു വിഭാഗങ്ങളുടെ മക്കൾ പഠിച്ചിരുന്ന വിദ്യാലയം "**ടെപ്പോകല്ലി**" എന്നറിയപ്പെടുന്നു.
- ചരിത്രം, ഐതീഹ്യങ്ങൾ, മതം, ആചാരപരമായ ഗാനങ്ങൾ എന്നിവ ഈ വിദ്യാലയത്തിൽ പഠിപ്പിക്കുന്നു.
- ആൺകുട്ടികൾക്ക് സൈനീക പരിശീലനത്തിന് പുറമെ കൃഷി, വ്യാപാരം എന്നിവയിലും പെൺകുട്ടികൾക്ക് ഗാർഹിക ജോലികളിലുമാണ് പരിശീലനം നൽകിയിരുന്നത്.

## മായൻ സംസ്കാരം

- **മെക്സിക്കോ**യിൽ നിലനിന്നിരുന്ന മറ്റൊരു സംസ്കാരമാണ് മായൻ സംസ്കാരം
- ചോളം കൃഷിയായിരുന്നു അവരുടെ സംസ്കാരത്തിന്റെ അടിസ്ഥാനം.
- ചോളം നടുന്ന സമയത്തും വിളവെടുപ്പിന്റെ സമയത്തും നിരവധി മതപരമായ ആചാരങ്ങളും ചടങ്ങുകളും നിലവിലുണ്ടായിരുന്നു.
- ഫലപ്രദമായ കൃഷി രീതികൾ മിച്ചോൽപ്പാദനം സൃഷ്ടിച്ചു.
- ഇതുപയോഗിച്ച് ഭരണ വർഗ്ഗങ്ങളും പുരോഹിതന്മാരും മുഖ്യന്മാരും വാസ്തുശില്പ നിർമ്മാണം നടത്തുകയും ചെയ്തു.
- കൂടാതെ വാനനിരീക്ഷണ ശാസ്ത്രം, ഗണിത ശാസ്ത്രം തുടങ്ങിയ മേഖലകളുടെ വികാസത്തിനും ഉപയോഗപ്പെടുത്തി.

## ഇൻക സംസ്കാരം

- തെക്കേ അമേരിക്കയിലെ **പെറു** വിലാണ് ഈ സംസ്കാരം നിലനിന്നിരുന്നത്.
- പന്ത്രണ്ടാം നൂറ്റാണ്ടിൽ ആദ്യത്തെ ഇൻകായായ **മാൻകോ കപാക്** ആണ് **കുസ്ക്കോ**യിൽ തലസ്ഥാന നഗരം പണികഴിപ്പിച്ചു.
- അവരുടെ ഭാഷ **കെച്ച്വാ** ആയിരുന്നു.
- ഓരോ ഗോത്രവും ഭരിച്ചിരുന്നത് മുതിർന്നവരുടെ സ്വതന്ത്ര സമിതികളായിരുന്നു.
- ഇൻകാകൾ വിസ്മയകരമായ കെട്ടിട നിർമ്മാതാക്കൾ ആയിരുന്നു.
- അവർ ധാരാളം റോഡുകളും കോട്ടകളും നിർമ്മിച്ചിരുന്നു.
- ശിലാഫലകങ്ങൾ കൊണ്ടാണ് അവർ കോട്ടകൾ നിർമ്മിച്ചത്.
- കൽപ്പാളികൾ കൃത്യമായി വെട്ടിയെടുത്തിരുന്നതിനാൽ കുമ്മായക്കൂട്ടിന്റെ ആവശ്യം

ഉണ്ടായിരുന്നില്ല.

- കൽപ്പണിക്കാർ കൽപ്പാളികൾ ഫ്ളെക്കിങ് രീതി ഉപയോഗിച്ചാണ് കൊത്തിയെടുത്തിരുന്നത്.
- ഈ വലിയ ശിലകൾ കൊണ്ടുപോകുന്നതിന് മനുഷ്യ പ്രയത്നത്തെ ആണ് ആശ്രയിച്ചിരുന്നത്.
- ഇൻക സംസ്കാരത്തിന്റെ അടിസ്ഥാനം കൃഷി ആയിരുന്നു.
- മണ്ണിനു ഫലഭൃയിഷ്ഠി കുറവായതിനാൽ കുന്നിൻ ചരിവുകളിൽ തട്ടുതട്ടായാണ് കൃഷി ചെയ്തിരുന്നത്.
- ചോളവും ഉരുളക്കിഴങ്ങുമായിരുന്നു പ്രധാന വിളകൾ
- ഭക്ഷണത്തിനും ജോലിക്കുമായി ഒട്ടകം പോലെയുള്ള മൃഗങ്ങളെയും വളർത്തിയിരുന്നു.
- നെയ്ത്തു വിദ്യയിലും മൺപാത്ര നിർമ്മാണത്തിലും അവർ ഏർപ്പെട്ടിരുന്നു.
- ചരടിൽ പ്രത്യേക ഗണിത യൂണിറ്റുകൾ സൂചിപ്പിക്കുന്ന കെട്ടുകളിട്ടാണ് അവർ കണക്കു കൂട്ടിയിരുന്നത്
- ഈ ഗണിത യൂണിറ്റുകൾ "**ക്യുപ്പു** "എന്നറിയപ്പെടുന്നു.

*************************

# THEME 9

## വ്യാവസായിക വിപ്ലവം

### ബ്രിട്ടനിൽ എന്തുകൊണ്ട് വ്യാവസായിക വിപ്ലവം ആരംഭിച്ചു?

- വ്യാവസായിക വിപ്ലവം ആദ്യമായി ഉണ്ടായ രാജ്യം ബ്രിട്ടനാണ്.

**1. രാഷ്ട്രീയ സുസ്ഥിരത**

- ബ്രിട്ടന് പൊതു നിയമങ്ങൾ, ഒരൊറ്റ നാണയ വ്യവസ്ഥ, പൊതുകമ്പോളം എന്നിവയുണ്ടായിരുന്നു.

**2. പണത്തിന്റെ വ്യാപകമായ ഉപയോഗം**

- തൊഴിലാളികൾക്കു അവരുടെ വരുമാനം സാധനങ്ങൾക്കു പകരം ശമ്പളമായി ലഭിക്കാൻ തുടങ്ങി.
- ഇതോടെ ജനങ്ങൾക്ക് അവരുടെ വരുമാനം ചെലവിടാൻ വിവിധ മാർഗ്ഗങ്ങൾ തെളിഞ്ഞു വന്നു.

**3. കാർഷിക വിപ്ലവത്തിന്റെ സ്വാധീനം**

- വലിയ ഭൂവുടമകൾ തങ്ങളുടെ ഭൂസ്വത്തിനു സമീപത്തുള്ള ചെറിയ കൃഷി ഭൂമികൾ വാരിക്കൂട്ടി.
- വേലി കെട്ടി അവ വലിയ കൃഷിയിടങ്ങളാക്കി മാറ്റി.
- അതിലൂടെ ഭക്ഷ്യോൽപ്പാദനം വർദ്ധിച്ചു.
- ഭൂമി നഷ്ടപെട്ട കർഷകർ പട്ടണങ്ങളിലേക്കു കുടിയേറി.

**4. പട്ടണങ്ങൾ, വ്യാപാരം, ധനം**

- അക്കാലത്തെ ഏറ്റവും വലിയ പട്ടണം ലണ്ടൻ ആയിരുന്നു.
- രാജ്യത്തെ കമ്പോളങ്ങളുടെ കേന്ദ്രമായിരുന്നു ഇത്.

**5. ജനസംഖ്യാപെരുപ്പം**

**6. ഭൂമിശാസ്ത്രപരമായ കിടപ്പ്**

**7. അസംസ്കൃത വിഭവങ്ങളുടെ ലഭ്യത**

**8. കോളനികൾ**

**9. ബാങ്കുകളുടെ വളർച്ച**

**10. മികച്ച ഗതാഗത ശൃംഖല**

## **കൽക്കരിയും ഇരുമ്പും**

- ഇരുമ്പ് ഉരുക്കിയെടുക്കുന്നതിന് ഉപയോഗിച്ചിരുന്നത് മരക്കരി ആയിരുന്നു.
- എന്നാൽ ഇതിനു ചില പരിമിതികൾ ഉണ്ടായിരുന്നു.
- ഉറപ്പില്ലാത്ത മരക്കരി വിദൂര സ്ഥലങ്ങളിലേക്ക് കൊണ്ടുപോകാൻ കഴിയുമായിരുന്നില്ല.
- മരക്കരിയിലെ മാലിന്യം കലർന്ന ഗുണനിലവാരം കുറഞ്ഞ ഇരുമ്പാണ് ലഭിച്ചിരുന്നത്.
- കൂടാതെ മരക്കരിക്ക് ഉയർന്നതാപം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞില്ല.
- ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്തിയത് ഡാർബി കുടുംബമാണ്.
- ലോഹസംസ്കരണ വ്യവസായ രംഗത്ത് ഒരു വിപ്ലവം സൃഷ്ടിക്കാൻ ഡാർബി കുടുംബത്തിന് കഴിഞ്ഞു.
- **ആദ്യത്തെ എബ്രഹാം ഡാർബി** ഒരു **ലോഹച്ചൂള(ബ്ലാസ്റ്റ് ഫർനസ്)** നിർമ്മിച്ചു.
- **രണ്ടാമത്തെ ഡാർബി** പച്ചിരുമ്പിൽ നിന്ന് വാർപ്പിരുമ്പ് വികസിപ്പിച്ചെടുത്തു.
- **മൂന്നാമത്തെ ഡാർബി** ലോകത്തിലെ ആദ്യത്തെ **ഇരുമ്പു പാലം** പണികഴിപ്പിച്ചു.
- **ഹെൻറി കോർട്ട്** ഉരുക്കിയ ഇരുമ്പിൽ നിന്ന് മാലിന്യം നീക്കം ചെയ്യാനുള്ള **പുഡ്ലിംഗ് ഫർനസും** ഇരുമ്പു പാളികൾ നിർമ്മിക്കുന്നതിനുള്ള **റോളിങ്ങ് മില്ലും** പണി കഴിപ്പിച്ചു.
- **ജോൺ വിൽക്കിൻസൺ** **ജലക്കുഴലുകൾ** നിർമ്മിച്ചു .

## **പരുത്തിനൂൽനൂൽപ്പും നെയ്ത്തും**

- തുണി വ്യവസായത്തിലെ പ്രധാന കണ്ടുപിടുത്തങ്ങൾ താഴെ പറയുന്നവയാണ്.

**ഫ്ലയിങ് ഷട്ടിൽ – ജോൺ കെ**

**സ്പിന്നിങ് ജെന്നി – ജെയിംസ് ഹാർഗ്രീവ്സ്**

**വാട്ടർ ഫ്രെയിം – റിച്ചാർഡ് ആർക്ക് റൈറ്റ്**

**മ്യൂൾ – സാമുവൽ ക്രോംടൺ**

**പവർ ലൂം – എഡ്മണ്ട് കാർട്ട് റൈറ്റ്**

^^^^^^^^^^^^^^^^^^^^^^^^^^^^^^

# THEME 10

## തദ്ദേശീയ ജനതയുടെ സ്ഥാനഭ്രംശം

### സ്വർണ്ണത്തിനായുള്ള ഇരച്ചുകയറ്റവും വ്യവസായങ്ങളുടെ വളർച്ചയും

- 1840 കളിൽ അമേരിക്കയിലെ **കാലിഫോർണി**യയിൽ സ്വർണ്ണത്തിന്റെ നിക്ഷേപം കണ്ടെത്തി.
- ഇതേ തുടർന്ന് പെട്ടെന്ന് സമ്പന്നരാകാമെന്ന മോഹവുമായി ആയിരകണക്കിന് യൂറോപ്യന്മാർ അമേരിക്കയിലേക്ക് സ്വർണ്ണത്തിനായി ഇരച്ചുകയറി.
- ദൂരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് അമേരിക്കൻ വൻകരയ്ക്കു കുറുകെ **റെയിൽ പാതകൾ** പണിയുന്നതിന് കാരണമായി.
- റെയിൽവെ വികസനത്തിന്റെ ഫലമായി അമേരിക്കയിൽ **വ്യാവസായിക വിപ്ലവം** ഉണ്ടായി.
- ഇതിന്റെ ഫലമായി അമേരിക്കയിൽ വ്യാവസായിക **നഗരങ്ങളും ഫാക്ടറികളും** ഉയർന്നു വന്നു.
- ഇതോടെ **യന്ത്രങ്ങൾ** നിർമ്മിക്കാൻ തുടങ്ങി.
- ഇത് വൻതോതിൽ **കൃഷി** ഇറക്കുന്നതിനു സഹായകമായി.

### വ്യവസായങ്ങളുടെ വളർച്ച

- വടക്കേ അമേരിക്കയിലെ വ്യാവസായിക വികസനത്തിന്റെ പ്രധാന കാരണം റെയിൽവേയുടെ വികസനമാണ്.
- ഇത് ദൂരദേശ വ്യാപാരത്തിനും യന്ത്രവൽക്കരണത്തിനും കാരണമായി.
- വ്യവസായത്തിന്റെ വളർച്ചയോടെ USA യിലും കാനഡയിലും വ്യാവസായിക നഗരങ്ങളും ഫാക്ടറികളും വൻതോതിൽ വർദ്ധിച്ചു.
- ഇതിനോടൊപ്പം കാർഷിക മേഖലയിലും വളർച്ചയുണ്ടായി.
- പുതിയപ്രദേശങ്ങൾ വെട്ടിത്തെളിച്ച് കൃഷിയിടങ്ങളാക്കി മാറ്റി.

^^^^^^^^^^^^^^^^^^^

# THEME 11

# ആധുനികവൽക്കരണത്തിലേക്കുള്ള പാതകൾ

# ചൈന

## റിപ്പബ്ലിക് സ്ഥാപിക്കുന്നു.

- 1911 ൽ സൺ-യാത്-സെൻ ന്റെ നേതൃത്വത്തിലുള്ള വിപ്ലവത്തിൽ മഞ്ചു ഭരണാധികാരികളെ പരാജയപ്പെടുത്തികൊണ്ട് ചൈനയിൽ ഒരു റിപ്പബ്ലിക് സ്ഥാപിക്കപ്പെടുന്നു.
- **സൺ-യാത്-സെൻ** ആധുനിക ചൈനയുടെ സ്ഥാപകനായി അറിയപ്പെടുന്നു.

## സൺ-യാത്-സെൻ ന്റെ മൂന്ന് തത്വങ്ങൾ

സൺ-യാത്-സെൻ ന്റെ മൂന്ന് തത്വങ്ങൾ **സാൻ-മിൻ-ചുയി** എന്നറിയപ്പെടുന്നു. അവ

1. **ദേശീയത - മഞ്ചു ഭരണാധികാരികളെയും വിദേശ ശക്തികളെയും പുറത്താക്കുക.**
2. **ജനാധിപത്യം - ചൈനയിൽ ജനാധിപത്യ ഗവണ്മെന്റ് സ്ഥാപിക്കുക.**
3. **സോഷ്യലിസം - മൂലധനം നിയന്ത്രിക്കുകയും ഭൂവുടമസ്ഥത തുല്യതപ്പെടുത്തുകയും ചെയ്യുക.**

## മെയ് 4th പ്രസ്ഥാനം

- ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം ഉണ്ടായ ഒരു പ്രസ്ഥാനം.
- 1919 ൽ **ബെയ്ജിങ്ങിൽ** നടന്ന പ്രതിഷേധ പ്രസ്ഥാനം.
- വിദേശ ശക്തികളെ പുറത്താക്കുക
- എഴുതാൻ ലളിതമായ ഭാഷ ഉപയോഗിക്കുക.
- സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്ന കാൽപ്പാദം പൊതിഞ്ഞു കെട്ടൽ അവസാനിപ്പിക്കുക.
- അടിമത്തം അവസാനിപ്പിക്കുക.
- വിവാഹത്തിലെ അസമത്വം അവസാനിപ്പിക്കുക.
- സാമ്പത്തിക വികസനം കൊണ്ടുവരിക.
- ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക.

സൺ-യാത്-സെൻ ന്റെ മരണ ശേഷം **ചിയാങ് കൈഷക്** കുമിന്താങ്ങുകളുടെ തലവനായി മാറി.

- കമ്മ്യൂണിസ്റ്റുകളെ അമർച്ച ചെയ്യാൻ അദ്ദേഹം ശ്രമിച്ചു.

## ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി ( CCP)

- **1921** ലാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കപ്പെട്ടത്.
- **മാവോ സേതുങ്** ആയിരുന്നു ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ്.

- കർഷകരെ മുൻനിർത്തിയുള്ള വിപ്ലവ പരിപാടികൾ അദ്ദേഹം ആവിഷ്കരിച്ചു.
- കുമിന്താങ് ആക്രമണത്തിൽ നിന്നും രക്ഷ നേടാൻ മാവോയും കൂട്ടരും 1928 മുതൽ 1934 വരെ ജിയാങ്സി മലനിരകളിൽ താമസിച്ചിരുന്നു.
- അവിടെ അദ്ദേഹം ഒരു സോവിയറ്റ് (കർഷക സമിതി) രൂപീകരിച്ചു.
- ഭൂമി പിടിച്ചെടുത്തു പുനർവിതരണം ചെയ്തു.
- കുമിന്താങ്ങുകളുടെ ആക്രമണത്തിൽ നിന്നും രക്ഷ നേടാൻ അവർ 6000 മൈൽ താണ്ടി **ഷാൻസി**യിലെ **യെനാൻ** എന്ന സ്ഥലത്തേക്ക് പോയി.
- ഇത് ചൈനീസ് ചരിത്രത്തിൽ **ലോങ്ങ് മാർച്ച് (1934 -1935)** എന്നറിയപ്പെടുന്നു.
- എന്നാൽ കുമിന്താങ്ങുകളെ പരാജയപ്പെടുത്തികൊണ്ട് അവർ ചൈനയിൽ അധികാരം സ്ഥാപിച്ചു.
- **1949** ൽ ചൈനയിൽ ജനകീയ റിപ്പബ്ലിക് സ്ഥാപിതമായി
- സ്വകാര്യ ഭൂവുടമസ്ഥാവകാശം നിർത്തലാക്കി.
- 1958 ൽ **"മഹത്തായൊരു കുതിച്ചു ചാട്ടം"** എന്നൊരു പദ്ധതി നടപ്പിലാക്കി.
- വീട്ടുവളപ്പിൽ തന്നെ ഉരുക്കു ചൂളകൾ നിർമ്മിക്കാൻ അദ്ദേഹം ജനങ്ങളെ പ്രോത്സാഹിപ്പിച്ചു.
- എന്നാൽ വീട്ടുവളപ്പിലെ ചൂളയിൽ ഉൽപ്പാദിപ്പിച്ചിരുന്ന ഉരുക്ക് വ്യാവസായികമായി ഉപയോഗിക്കാൻ കഴിയാത്തവ ആയിരുന്നു.

## മഹത്തായ സാംസ്കാരിക വിപ്ലവം

- 1965 ൽ മാവോ സാംസ്കാരിക വിപ്ലവം എന്ന പരിപാടി ആവിഷ്കരിച്ചു. പഴയ സംസ്കാരം പഴഞ്ചൻ ആചാരാനുഷ്ഠാനങ്ങൾ എന്നിവയ്ക്കെതിരേയുള്ള ഒരു പ്രസ്ഥാനമായിരുന്നു ഇത്.
- യുക്തിപരമായ സംവാദങ്ങൾക്ക് പകരം മുദ്രാവാക്യങ്ങൾക്കു പ്രാധാന്യം നൽകി.
- സാംസ്കാരിക വിപ്ലവം പ്രവർത്തികമാക്കുന്നതിനു വേണ്ടി പ്രചാരണം നടത്തുന്നതിനായി വിദ്യാർത്ഥികളും സൈനീകരുമടങ്ങുന്ന "**ചുവപ്പു സേന**" (Red Guards) രൂപീകരിച്ചു.
- എന്നാൽ ഇത് ഒരു പരാജയമായിരുന്നു.

************************